# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1892   06.07.2015-ൽ മറുപടിയ്ക്ക്

### മനുഷ്യാവകാശ കമ്മീഷന്റെ വിധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമ പ്രകാരം ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) ആഗോള മനുഷ്യാവകാശ ദിനമായ ഡിസംബർ 10 – ന് കേരളത്തിലെ മുഴുവൻ സർക്കാർ ആഫീസുകളിലും വിദ്യാലയങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുത്തു വരുന്നു. 11.09.2013 – ലെ G.O.(MS) No. 227/13/Home ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലെയും പ്രിൻസിപ്പൽ ജില്ല & സെഷൻസ് കോടതികളെ 1993 – ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനു വേണ്ടിയുള്ള മനുഷ്യാവകാശ കോടതികളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും മനുഷ്യാവകാശ കമ്മീഷനിൽ പോലീസ്/സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്, അവർ ആരെല്ലാം; ആർക്കെല്ലാം എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ ;<br>(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ തീരുമാനങ്ങൾക്കെതിരെ മനുഷ്യാവകാശ കമ്മീഷന്റെ എത്ര വിധികൾ വന്നു, എത്ര എണ്ണത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു;<br>(ഡി) ലിംഗപരമായ അസമത്വം, മലിനീകരണം, പരിസ്ഥിതിനാശം, ബ്ലേഡ് മാഫിയ തുടങ്ങി മാഫിയകൾ എന്നിവരിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകിക്കൊണ്ട് മനുഷ്യാവകാശ കമ്മീഷൻ എത്ര കേസുകളിൽ 2011 - 12 മുതൽ 2015-16 വരെ വിധികൾ പ്രഖ്യാപിച്ചു ; അതിന്മേൽ ഓരോ കേസിലും സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ? | (ബി), (സി) & (ഡി)<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ